കുലാലൻ, കുശവൻ, വേളാൻ തുടങ്ങിയ വിഭാഗത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി

1130. [1706] ശ്രീ. ബെന്നി ബഹനാൻ :
,, കെ സി.ജോസഫ് :
,, എ.സി.ജോസ് :
,, കെ.എസ് നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുലാലൻ, കുശവൻ, വേളാൻ തുടങ്ങിയ വിവിധ നാമങ്ങളിൽ അറിയപ്പെടുന്ന പിന്നോക്ക വിഭാഗത്തെ ശ്രീ. മാത്തൂർ കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ ബാധകമാക്കി പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) കുലാലൻ, കുശവൻ, വേളാൻ എന്നീ വിഭാഗങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ കിർത്താഡ്സ് ഡയറക്ടർ ശുപാർശ ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചാക്കമാർ എന്ന സമുദായത്തിലെ അംഗങ്ങൾ

1131. [1707] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ചാക്കമാർ' എന്ന സമുദായത്തിൽപ്പെട്ട എത്ര അംഗങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെങ്കിലും ഇവർക്ക് അനുവദിച്ചു കൊടുത്തിരുന്നോ ;

(സി) പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ തങ്ങൾക്കും ലഭിക്കണമെന്ന് അവകാശപ്പെട്ടുകൊണ്ട് കേരള ചാക്കമാർ മഹാസഭ ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഏകദേശം 9,500 പേർ.

(ബി & സി) ചാക്കമാർ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അഖില കേരള ചാക്കമാർ മഹാസഭ ഗവൺമെന്റിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഈ സമുദായത്തെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുമുണ്ട്. ഈ സമുദായക്കാർക്ക് ഒ. ഇ. സി. ക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly